




Scanned with CamScanner

# സമർപ്പണം

മാഗസിനെക്കുറിച്ചാലോചിച്ചപ്പോൾത്തന്നെ
ഓർമ്മകളുടെ
ഒരു വേലിയേറ്റമാണ് മനസ്സിലുണ്ടായത്.
കളിയും ചിരിയും കണ്ണീരും
പ്രണയവും പ്രകാശവുമൊക്കെയായി
ഒരു അദ്ധ്യയനവർഷം കൂടി പടിയിറങ്ങി.
അനിവാര്യമായ ഒരു തിരിഞ്ഞുനോട്ടം.
പോയവർഷത്തെ ഓർമ്മച്ചിത്രങ്ങൾക്കിടയിൽ
ഒരു കണ്ണുനീർത്തുള്ളിയായി അവളുടെ മുഖം;
രാഖി
ആരോപണങ്ങൾക്കും ഊഹാപോഹങ്ങൾക്കും
മുദ്രാവാക്യങ്ങൾക്കും അപ്പുറം,
ഒരച്ഛന്റെയും അമ്മയുടെയും സഹോദരന്റെയും
കണ്ണീരിൽ കുഴഞ്ഞലിഞ്ഞുപോയൊരു മുഖം.
ചിതറിത്തെറിച്ചുപോയ അവളുടെ സ്വപ്നങ്ങളുടെ നിറങ്ങൾ
കൂട്ടിച്ചേർത്തുവേണം ഈ കലാലയ സർഗ്ഗമാലികയ്ക്ക്
മുത്തുകോർക്കാൻ എന്നുതോന്നി.
ആ ഒരു നിമിഷത്തെ നീ അതിജീവിച്ചിരുന്നെങ്കിൽ
പ്രിയ കൂട്ടുകാരീ,
വാക്കായോ വരയായോ ചിരിയായോ ചിന്തയായോ
നീയും ഇന്ന് ഞങ്ങൾക്കൊപ്പം പങ്കുചേർന്നേനെ.
എങ്കിലും ഫാത്തിമയിലെ ഈ കാറ്റിന്റെ സ്പന്ദനമായി
നീ ഞങ്ങൾക്കരുകിൽ തന്നെയുണ്ടെന്ന വിശ്വാസത്തോടെ
നിനക്കു കൂടിയായിതാ സമർപ്പിക്കുന്നു....

Scanned with CamScanner



സ്നേഹിച്ചു ഞാനിമ്മുഗ്ദ്ധ ലോകത്തെ
ജീവൻ കൊണ്ടും
സ്നേഹിക്കും ലോകം തിരിച്ചിങ്ങെന്നെയു-
മെന്നെ നണ്ണി;
മരിച്ചാണെങ്കിൽ സ്നേഹിച്ചീടുവാൻ
ശേഷിക്കാനും
ധരിച്ചിട്ടില്ലെങ്കി, ലീ ലോക-
മെന്തിനുകൊള്ളാം?

അക്കിത്തം അച്യുതൻനമ്പൂതിരി

# പ്യാരിമ

# *Pyarima*

College Magazine
2018-2019

**FATIMA MATA NATIONAL COLLEGE (AUTONOMOUS), KOLLAM**

Chief Editor : Dr Vincent B. Netto

Staff Editors :
Dr Supriya M., Prof. Manoj Kumar V.,
Dr Satheesh Kumar, Prof Linda Pious

Student Editor : Pranav P. S.

Editorial Board :
Pranav, Shiyas, Oygan, Ebin, Prithuvi, Asif,
Noushidha, Jisha, Kiran, Malavika

Coverpage Design : Kalesh

Design & Print : Limara, Pallimukku. Ph-0474-2723883

**Scan QR Code for the AR App**

Scanned with CamScanner

# എഡിറ്റോറിയൽ



ഏതു വിഷയമാവണം മാഗസിനു വേണ്ടത്
എന്ന വലിയൊരു ചോദ്യത്തിന്
ഏതെങ്കിലുമൊരു വിഷയത്തിനുള്ളിൽ
തളച്ചിടാവുന്നതല്ല കലാലയ സർഗ്ഗസൃഷ്ടികളെന്ന
ഉത്തരമാണ് മനസ്സിലേയ്ക്കുവന്നത്. ചങ്ങലകളെ
തകർക്കുവാൻ ആർജ്ജമുള്ള ഒരു തലമുറയുടെ
സൃഷ്ടികളെ ഏതെങ്കിലുമൊരു വിഷയത്തിൽ
ബന്ധിക്കുന്നതിൽ എന്ത് യുക്തിയാണുള്ളത്.
നാനാത്വത്തിൽ ഏകത്വം കണ്ടെത്തുന്ന സംസ്കാരം
നിറയുന്ന ഈ മണ്ണിൽ ചവിട്ടി നിന്നുകൊണ്ട്
വൈവിധ്യങ്ങളുടെ ഏകത്വം സാധ്യമാക്കുവാനാണ്
ഞങ്ങൾ ശ്രമിച്ചിരിക്കുന്നത്.

അനുഭവങ്ങളെ അഗ്നിയായി ജ്വലിപ്പിച്ച്
സ്വയം ഒരു സൂര്യനായി മാറുവാനാണ്
ഓരോ കലാലയവും പഠിപ്പിക്കുന്നത്.
ഒരേ സമയം പ്രകാശവും അതേ സമയം
കനൽ വെയിലുമായി മാറുവാൻ,
നല്ലതിനെയൊക്കെ തളിരണിയിക്കുവാൻ
കെട്ടതിനെയൊക്കെ ചുട്ടെരിക്കുവാൻ ആത്മവീര്യമുള്ള തലമുറയെ
വാർത്തെടുക്കുന്ന കലാലയങ്ങളിൽ വിരിയുന്ന സർഗ്ഗ പുഷ്പങ്ങൾക്ക്
ഓർമ്മയുടെ നിറവും ജീവിതത്തിന്റെ സുഗന്ധവുമാണ്.

ഹൃദയം ജ്വലിക്കുമ്പോഴാണ് അക്ഷരങ്ങൾ ജനിക്കുന്നത്.
നവലോക നിർമ്മാണവേളയിൽ തൂലികയോളം പോന്നൊരു ആയുധം വേറെയില്ല.
വിശ്വശില്പികളാകുവാൻ വിദ്യതേടുന്നവർ തൻ വാക്കുകൾക്കൊപ്പം
ജ്വലിക്കില്ലൊരഗ്നിയും, ആശയങ്ങളൊഴുക്കികളയുവാൻ പോരുകില്ലൊരാഴിയും.

പറയുവാനുള്ളത് മുഖത്തുനോക്കി പറയുവാനുള്ള ആർജ്ജവമാണ്
ഓരോ മനുഷ്യനും വ്യക്തിത്വവും അസ്തിത്വവും നൽകുന്നത്.
ഇവിടെ ഓരോ താളുകൾക്കും പറയുവാനുണ്ട് പലതും....
മിനുമിനുപ്പുള്ള തൂവലുകളെക്കുറിച്ച് മാത്രമല്ല അവയുടെ
തുമ്പിലെ ചോരത്തുള്ളികളെക്കുറിച്ച് പ്രണയാർദ്രമായി പെയ്തിറങ്ങുന്ന
മഴയുടെ സംഗീതത്തെക്കുറിച്ച് മാത്രമല്ല, കൺമുന്നിൽ
ചിതറിത്തെറിച്ചുടയുന്ന വാനിന്റെ സ്വപ്നങ്ങളെക്കുറിച്ച്,
വെളിച്ചത്തെക്കുറിച്ച് മാത്രമല്ല ഇരുളിനെക്കുറിച്ച്,
ഇരുളിനെ കീറിമുറിച്ചും തിളങ്ങുന്ന താരങ്ങളുടെ നിഴലിനെക്കുറിച്ചും
അങ്ങനെ കാലം പറയാൻ മറന്നുവച്ചതും ബാക്കി വച്ചതുമായ
പലതും ഇവിടെ ഉദിച്ചുയരുന്ന ഓരോ സൗരമണ്ഡലങ്ങളെയും
നിങ്ങളുടെ പാതയിലെ വിളക്കുമരത്തിലാവാഹിക്കുവാൻ,
വെളിച്ചമുൾക്കൊള്ളുവാൻ.... വരികളുടെ ആഴങ്ങളിൽ മുങ്ങി നിവർന്ന്
അമൂല്യ രത്നങ്ങൾ കണ്ടെടുക്കുവാൻ നിങ്ങളുടെ കരങ്ങളിലേയ്ക്കിതാ
പകർന്നു നൽകുന്നു, ഒരിക്കലും വാടാത്തൊരഗ്നി പുഷ്പം....

പ്രണവ് പി.എസ്
(മാഗസിൻ എഡിറ്റർ)

Scanned with CamScanner

# സമന്വയ കലാലയ യൂണിയൻ റിപ്പോർട്ട് 2018 – 19

**ഫാത്തിമ മാതാ നാഷണൽ കോളേജ് (ഓട്ടോണോമസ്)**
**കൊല്ലം**



ഒരു ഉയർത്തെഴുന്നേൽപ്പിന്റെ, സമരനാളുകളുടെ, സർഗ്ഗാത്മകതയുടെ, പ്രതിഷേധങ്ങളുടെയൊരു പുതുചരിത്രമാണ് യൂണിയൻ കാലയളവിന്റെ അന്ത്യത്തിൽ ഞങ്ങൾക്ക് നിങ്ങളോട് പറയുവാനുള്ളത്. നിങ്ങൾ ഞങ്ങളിൽ അർപ്പിച്ച വിശ്വാസവും പ്രതീക്ഷകളുമൊക്കെ ഭംഗിയോടെ ഏറ്റവും വിശ്വാസ്യതയോടെ ചെയ്യുവാൻ സാധിച്ചു എന്നതാണ് ഈ യൂണിയൻ റിപ്പോർട്ടെഴുതുമ്പോൾ ഞങ്ങളിലെ ചാരിതാർത്ഥ്യം. വളരെ കുറഞ്ഞ പ്രവർത്തിദിവസങ്ങളാണ് ഞങ്ങൾക്ക് ലഭിക്കുകയുണ്ടായത്. എന്നാൽ ആ ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് ഞങ്ങളിൽ അർപ്പിതമായ കർത്തവ്യങ്ങൾ പൂർണ്ണതയോടെ ചെയ്യാൻ സമന്വയ കലാലയ യൂണിയന് സാധിച്ചു. എല്ലാ പ്രതിസന്ധികളെയും തരണം ചെയ്തുകൊണ്ട് ഉയർത്തെഴുന്നേറ്റ ഒരു യൂണിയൻ കാലഘട്ടത്തിന്റെ സംഭവ വിതരണം.

കേരള യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലുള്ള ഈ കലാലയത്തിലെ യൂണിയൻ തെരഞ്ഞെടുപ്പ് 09-10-2018ൽ നടത്തപ്പെട്ടു. മത്സരിച്ച എല്ലാ സീറ്റുകളിലും എതിരില്ലാതെ ഇന്ത്യൻ വിദ്യാർത്ഥി പ്രസ്ഥാനം വിപ്ലവിജയം നേടി. ഒക്ടോബർ 29ന് സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റെടുത്ത ശേഷമുള്ള ഒരു വർഷക്കാലം സർഗ്ഗാത്മകമായതും സാമൂഹിക പ്രസക്തിയുള്ളതുമായ നിരവധി പ്രവർത്തനങ്ങൾ നടത്താൻ സമന്വയ കലാലയ യൂണിയനു സാധിച്ചു. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധികൾ താഴെ പറയും വിധമാണ്.

| | | |
|---|---|---|
| ചെയർമാൻ | : | **അജിത്ത് ലാൽ** |
| വൈസ് ചെയർപേഴ്സൺ | : | **ആര്യ. ആർ** |
| ആർട്സ് ക്ലബ്ബ് സെക്രട്ടറി | : | **ഒയ്ഗൺ. ജെ** |
| ജനറൽ സെക്രട്ടറി | : | **അർജ്ജുൻ വിനോദ്** |
| മാഗസിൻ എഡിറ്റർ | : | **പ്രണവ് പി.എസ്.** |
| യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലേഴ്സ് | : | **സോയ.എ** |
| | | **അർജ്ജുൻ വിനോദ്** |
| യൂണിയൻ കൺസൾട്ടന്റ് | : | **ഡോ. ഷൈജു പി. എ** |
| ആർട്സ് കൺസൾട്ടന്റ് | : | **പ്രൊഫ. സ്റ്റാൻസിലസ്** |
| മാഗസിൻ കൺസൾട്ടന്റ് | : | **ഡോ. സുപ്രിയ എം.** |

### കോളേജ് യൂണിയൻ & ആർട്സ് ക്ലബ്ബ് ഉദ്ഘാടനം (06-11-2

സമന്വയ കലാലയ യൂണിയൻ പ്രവർത്തനങ്ങ
തുടക്കം കുറിച്ചു കൊണ്ട് 2018 നവംബർ 16ന് യൂണ
ആർട്സ് ക്ലബ്ബ് ഉദ്ഘാടനം നടന്നു. ചെയർമാൻ അജ
ന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ കോളേ
ണിയന്റെ ഉദ്ഘാടനം പ്രിയകവി ശ്രീ. ഗണപൂജാ
ആർട്സ് ക്ലബ്ബിന്റെ ഉദ്ഘാടനം റിയാലിറ്റി ഷോ ഫെയി
വൈശാഖനും നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ വച്ചു
പ്രശസ്ത മിമിക്രിതാരം ശ്രീ. ആദർശ് ആർട്സ്ഡേ
ലോഗോ പ്രകാശനം ചെയ്തു. തുടർന്ന് മുഖ്യാതിഥി
വൈശാഖന്റെയും ആദർശിന്റെയും കലാപ്രകടന
ഉണ്ടായിരുന്നു. ഉച്ചയ്ക്കുശേഷം വിദ്യാർത്ഥികളുടെ
കലാപരിപാടികളോടെ ഉദ്ഘാടനദിവസം സമാപിച്ചു.

### രാഖി അനുസ്മരണം

ക്യാംപസിലെ വിദ്യാർത്ഥിനിയായിരുന്ന
കൃഷ്ണയുടെ അകാലമരണത്തിൽ അത്യന്തം അന
നങ്ങൾ അറിയിച്ചുകൊണ്ട് 20-12-18 യൂണിറ്റിന്റെ
ത്തിൽ അനുസ്മരണച്ചടങ്ങ് നടത്തി.

## തേജസ്വിനി 2019

കോളേജ് ആർട്സ് ഫെസ്റ്റിവൽ തേജസ്വിനി- 2019 കഴിഞ്ഞ വർഷത്തെ യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ മികവ് തെളിയിച്ച കാശിനാഥ്, ഇന്ദുലേഖ, കോളേജിന്റെ പ്രിയ കവയിത്രി സന്ധ്യ എന്നിവർ ഉദ്ഘാടനം ചെയ്തു. അന്തരിച്ച അതുല്യ പ്രതിഭയായ ബാലഭാസ്കറിനുള്ള സമർപ്പണം ആയിട്ടാണ് ആർട്സ് ഡേ പരിപാടികൾ നടത്തിയത്. അദ്ദേഹത്തിന്റെ മകളുടെ പേര് തന്നെ യുവജനോത്സവത്തിന് നൽകുകയുണ്ടായി. ജനുവരി 16, 17 തീയതികളിലായി രചനാമത്സരങ്ങളും 24, 25 തീയതികളിൽ കലാമത്സരങ്ങളും നടന്നു. വിദ്യാർത്ഥികളുടെ പൂർണ്ണ പിന്തുണയോടെ 'തേജസ്വിനി-2019' വളരെ മികച്ചതായി ത്തീർന്നു.

മത്സരങ്ങളിൽ വിജയികളായവർക്ക് കൃത്യസമയത്ത് സർട്ടിഫിക്കറ്റുകൾ അതാത് ഡിപ്പാർട്ടുമെന്റുകളിൽ എത്തിക്കുവാനും സമന്വയ കലാലയ യൂണിയനു കഴിഞ്ഞു. തുടർന്ന് മാർച്ച് 26-30 തീയതികളിൽ കാര്യവട്ടം ക്യാംപസിൽ വച്ചുനടന്ന കേരള യൂണിവേഴ്സിറ്റി കലോത്സവത്തിൽ വിവിധ ഇനങ്ങളിലായി 150-ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. ഇതിൽ സൂര്യഗോപൻ (മോണോആക്ട്-I), മീനാക്ഷി സുരേഷ് (ലളിതഗാനം-II), ദേവിപ്രഭ (കൊളാഷ്-II) എന്നിവർ യൂണിവേഴ്സിറ്റി തലത്തിൽ വിജയം കരസ്ഥമാക്കുകയും ചെയ്തു.

## വാലന്റൈൻസ് ഡേ – "Love is Something Else"

2019 ഫെബ്രുവരി 14ന് മറ്റു കോളേജുകൾക്ക് മാതൃകയാകും വിധമാണ് ഫാത്തിമയിലെ വിദ്യാർത്ഥികൾ പ്രണയദിനം ആഘോഷിച്ചത്. അന്നേദിവസം ക്യാംപസിൽ നിന്ന് പൊതിച്ചോറുകൾ ശേഖരിച്ചു അശരണരായ ജനങ്ങൾക്ക് വിതരണം ചെയ്തു. ഇതിനോടൊപ്പം തന്നെ ക്യാംപസിനുള്ളിൽ പ്രണയലേഖന രചനാമത്സരവും ചെറിയ വിനോദപരിപാടികളും സംഘടിപ്പിക്കുകയും ചെയ്തു.

## ഒപ്പുശേഖരണം

കെ.എസ്.ആർ.ടി.സി. ലോഫ്ളോർ ബസുകൾ ഭിന്നശേഷി സൗഹൃദമാക്കി പുനഃസ്ഥാപിക്കണമെന്ന Mind സംഘടനയുടെ ആഹ്വാനത്തോട് സമന്വയ കലാലയ യൂണിയൻ ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി ക്യാംപസിൽ ഫെബ്രുവരി 27-ാം തീയതി ഒപ്പുശേഖരണം നടത്തി. ഫാത്തിമയിലെ മുഴുവൻ വിദ്യാർത്ഥികളും ഈ പ്രവർത്തനത്തിനു പൂർണ്ണ പിന്തുണ നൽകി.

## സ്പോർട്സ് ഡേ

2019 മാർച്ച് 1-ന് വ്യത്യസ്തമായ മത്സരയിനങ്ങളുമായി വാർഷിക കായികമേള സംഘടിപ്പിച്ചു. വൈസ് പ്രിൻസിപ്പാൾ ഡോ. എം. ആർ. ഷെല്ലി പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു. കായികപ്രതിഭകളെ പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്ത കായികമേള പൂർണ്ണ വിജയം നേടി.

## വനിതാദിനാഘോഷം (മാർച്ച് 8, 2019)

അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8ന് മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുവാൻ സമന്വയ കലാലയ യൂണിയനു കഴിഞ്ഞു. അന്നേദിവസം സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ ക്യാംപസിൽ പ്രദർശിപ്പിച്ചു. സ്ത്രീശാക്തീകരണത്തിന്റെ ആശയങ്ങൾ പകരുന്ന ഫ്ളാഷ്മോബ് സംഘടിപ്പിച്ചു. വൈസ് ചെയർ പേഴ്സണിന്റെ നേതൃത്വത്തിൽ നടന്ന 'Strands of Kindness' എന്ന പരിപാടിയിൽവച്ച് 26-ഓളം പെൺകുട്ടികൾ കാൻസർ രോഗബാധിതർക്കായി മുടി ദാനം ചെയ്തു. തുടർന്ന് മാർച്ച് 12ന് ഓഡിറ്റോറിയത്തിൽവച്ചു നടത്താൻ തീരുമാനിച്ചിരുന്ന വനിതാദിനാഘോഷ പരിപാടികൾ കോളേജിലെ വിദ്യാർത്ഥിയുടെ മരണത്തെ തുടർന്ന് റദ്ദു ചെയ്തു.

## QIFF ഇന്റർനാഷണൽ ഫിലിം ഫെസ്റ്റ്

കൊല്ലം ജില്ലയിലെ കലാലയയൂണിയൻ സംയുക്തമായി സംഘടിപ്പിച്ച QIFF 2019ന് സമന്വയ കലാലയ യൂണിയൻ പൂർണ്ണ പിന്തുണ നൽകി. മാർച്ച് 12 മുതൽ 14 വരെ G-Max തിയേറ്ററിൽ നടന്ന ചലച്ചിത്ര പ്രദർശനത്തിൽ സംഘാടകരായും കാണികളായും വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു.

## യൂണിവേഴ്സിറ്റി നാടകോത്സവം

2019 മാർച്ച് 19ന് ടി.കെ.എം. കോളേജിൽ വച്ചു നടന്ന യൂണിവേഴ്സിറ്റി നാടകോത്സവത്തിൽ നമ്മുടെ കോളേജിനെ പ്രതിനിധീകരിച്ച 'കുഴിവെട്ടി പത്രോസ്' എന്ന നാടകം മികച്ച നിലവാരം പുലർത്തി.

## കോളേജ് ഡേ (മാർച്ച് 28, 2019)

ഫാത്തിമയുടെ ചരിത്രത്തിൽ ആദ്യമായി കോളേജ് ഡേ ഓപ്പൺ സ്റ്റേജിൽ നടത്താൻ 2018-19 സമന്വയ കലാലയ യൂണിയനു സാധിച്ചു. വിദ്യാർത്ഥികൾക്ക് ഒരിക്കലും മറക്കാത്ത അനുഭവമാക്കി മാറ്റുംവിധത്തിലുള്ള ആഘോഷമായി അന്നത്തെ ദിവസം മാറി.










Scanned with CamScanner



# ANNUAL REPORT
## ACTIVITY REPORT (2018-2019)

| | | |
|---|---|---|
| June 05, 2018 | : | WORLD ENVIRONMENT DAY CELEBRATION |
| June 26, 2018 | : | Observance of International Day against Drug Abuse and Illicit Trafficking |
| June 29, 2018 | : | BLOOD DONATION CAMP |
| July 11,2018 | : | World Population Day Celebration |
| Aug 2, 2018 | : | "World Breast Feeding Week Celebrations" |
| Aug 4, 2018 | : | "*KAITHANGU*" (KUTTANAD RELIEF PROJECT) |
| Aug 7, 2018 | | International Conference on Innovations and Sustainable Research in Environment and Life Science |
| Aug 20. 2018 | : | Distribution of Plastic bottles collected during "Plastic Bottle Collection Drive" to Flood relief operations to distribute Cleaning solution |
| Aug 22-23, 2018 | : | PARTICIPATION IN "NAAVYAM-2018" |
| Sept 05, 2018 | : | "Poshan Abhiyaan " "Anemia In Women" |
| Sept 10, 2018 | : | Flood Relief activities – DO FOR KERALA –REBUILD KERALA |
| Sept 15, 2018 | : | Swachh Bharat Abhiyan |
| Sept 18, 2018 | : | World Ozone Day Celebration |
| Oct 9, 2018 | : | Union and arts club inauguration |
| Jan 10, 2019 | : | "ONUS" (ART EXHIBITION) |
| Jan 16. 2019 | : | State level seminar on "Nano Science and Nano Technology" |
| Jan 24, 2019 | : | College Arts Day |
| Feb 2-3, 2019 | : | 31st Kerala Science Congress |
| Feb 8, 2019 | : | World Wetlands Day Celebration |
| Feb 15-16, 2019 | : | Great Back Yard Bird Count & Campus Bird Count conducted by WWF |
| Feb 23, 2019 | : | "Awareness on Transgender Welfare Schemes " – 23/02/2019 |
| March 1, 2019 | : | Sports Day |
| March 8, 2019 | : | Women's day |
| March 13, 2019 | : | GREEN SUSTAINABLE INITIATIVES |
| March 22, 2019 | : | Science Exhibition /Workshop |
| March 28, 2019 | : | College Day |



## നന്ദി.....

നിശബ്ദമാക്കാൻ കഴിയാത്ത
ശബ്ദങ്ങളാണ് ഓരോ അക്ഷരവും.
അക്ഷരങ്ങളുടെ ഒടിവുകൾക്കും മടക്കുകൾക്കുമിടയിലാണ്
ആശയങ്ങളുടെ മഹാപ്രപഞ്ചങ്ങൾ ഒളിച്ചിരിക്കുന്നത്.
അങ്ങനെയെങ്കിൽ യുഗയുഗാന്തരങ്ങളായി കൈമാറപ്പെട്ടവയും
തിരഞ്ഞെടുക്കപ്പെട്ടവയും തിരുത്തപ്പെടുകയും
കണ്ടെടുക്കപ്പെടുകയും വീണ്ടെടുക്കപ്പെടുകയും ചെയ്ത,
ചെയ്തുകൊണ്ടിരിക്കുന്ന ആശയപ്രപഞ്ചങ്ങളുടെ സമാഹാരമാണ്
ഞങ്ങൾ നിങ്ങളുടെ കൈകളിലേയ്ക്കായി
പകർന്നു തന്നിരിക്കുന്നത്.
ജീവിതത്തിന്റെ കെടാവിളക്കിനൊപ്പം തിരിയിട്ടു വയ്ക്കുവാനും,
ഇരുട്ടിനുള്ളിലെ വെളിച്ചവും
വെളിച്ചത്തിനുള്ളിലെ ഇരുട്ടും കണ്ടെത്തുവാനുള്ള
ആർജ്ജവവും ജ്ഞാനവും നേടിയെടുക്കുവാനുമായിതാ,
ഇതിലെ നാമ്പുകൾ മനസ്സിൽ മുളപൊട്ടട്ടെ.
ഇത്രനേരമീ താളുകൾക്ക് കാതുനൽകിയ ഹൃദയത്തിന്,
തളർന്നപ്പോൾ കരുതേകിയ കൈകൾക്ക്,
വരകളായി വർണ്ണങ്ങളായി
സർഗ്ഗവിഹായസ്സിൽ വന്നു വിരിഞ്ഞ നാളെയുടെ
സ്വപ്നങ്ങൾക്ക്, മാർഗ്ഗദീപമായി മുന്നിൽ സദാ
എരിഞ്ഞുനിന്ന ഗുരുക്കന്മാർക്ക്,
ഈ കലാലയമാകെ നിറഞ്ഞുനിൽക്കുന്ന
നിത്യചൈതന്യമേ, നിനക്കും,
ഹൃദയം നിറഞ്ഞൊഴുകുന്ന നന്ദി.
വാക്കുകളിവിടെ തീരുന്നു.. അതിൻ നിലയ്ക്കാത്ത
മാറ്റൊലികളിവിടെ ഉണരുന്നു...
അക്ഷരങ്ങൾ വായനയിലൊതുങ്ങാതിരിക്കട്ടെയെന്ന
പ്രാർത്ഥനയോടെ....

സ്നേഹപൂർവ്വം
പ്രണവ് പി.എസ്.

Scanned with CamScanner